
# അക്കാദമിക് മാസ്റ്റർ പ്ലാൻ
# 2025–26





## ജി.എം.എൽ.പി. സ്കൂൾ, തിരൂരങ്ങാടി

# സ്കൂൾ പ്രൊഫൈൽ 2025-2026

| | | |
|---|---|---|
| 1 | സ്കൂളിന്റെ പേര് | : ജി.എം.എൽ.പി സ്കൂൾ, തിരൂരങ്ങാടി |
| 2 | മേൽവിലാസം | : തിരൂരങ്ങാടി.പി.ഒ, മലപ്പുറം ജില്ല-676 306 |
| 3 | ഇ.മെയിൽ വിലാസം | : gmlpstgi@gmail.com |
| 4 | ഫോൺ നമ്പർ | : 0494 2468800 |
| 5 | വിദ്യാഭ്യാസ ഉപജില്ല | : പരപ്പനങ്ങാടി |
| 6 | വിദ്യാഭ്യാസ ജില്ല | : തിരൂരങ്ങാടി |
| 7 | റവന്യൂ ജില്ല | : മലപ്പുറം |
| 8 | മുനിസിപ്പാലിറ്റി | : തിരൂരങ്ങാടി |
| 9 | ജില്ല | : മലപ്പുറം |
| 10 | താലൂക്ക് | : തിരൂരങ്ങാടി |
| 11 | ഡിവിഷൻ | : 26 |
| 12 | സർവ്വേ നമ്പർ, ഭൂവിസ്തൃതി | : 57/10, 16 സെന്റ് |
| 13 | സ്കൂൾ ഉടമസ്ഥത | : സർക്കാർ |
| 14 | സ്കൂൾ വിഭാഗം | : ലോവർ പ്രൈമറി |
| 15 | പഠന മാധ്യമം | : മലയാളം, ഇംഗ്ലീഷ് |
| 16 | സ്കൂൾ കോഡ് | : 19412 |
| 17 | യു ഡയസ് കോഡ് | : 32051200202 |
| 18 | പ്രധാന അധ്യാപകൻ | : പത്മജ.വി |
| 19 | പി.ടി.എ.പ്രസിഡണ്ട് | : യാസിർ എ.കെ |

# ആമുഖം

മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി പ്രദേശത്ത് 1924ൽ സ്ഥാപിതമായ വിദ്യാഭ്യാസ സ്ഥാപനമാണ് ഗവൺമെന്റ് മാപ്പിള എൽ.പി.സ്കൂൾ. നിരക്ഷരതയുടേയും അജ്ഞതയുടേയും അന്ധകാരത്തിൽനിന്ന് ഒരു ജനതയെ ആകമാനം കൈപിടിച്ച് ഉയർത്തുക എന്ന ലക്ഷ്യത്തോടെ തിരൂരങ്ങാടി പ്രദേശത്തെ ഒരുകൂട്ടം സാമൂഹ്യപ്രവർത്തകരുടെ ശ്രമഫലമായി രൂപംകൊണ്ടതാണ് വിദ്യാലയം. വിദ്യാഭ്യാസപരമായും സാംസ്കാരികപരമായും ഏറെ പിന്നോക്കം നിന്നിരുന്ന മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി പ്രദേശത്ത് ചുടയൻപറമ്പിൽ സ്ഥാപിതമായ വിദ്യാലയം ഇന്ന് മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി മുനിസിപ്പാലിറ്റിയിലെ 26-ാം ഡിവിഷനിലെ തിരൂരങ്ങാടി-ചെറുമുക്ക് റോഡിൽ താഴേചിന ഭാഗത്ത് സ്ഥിതിചെയ്യുന്നു.

പ്രാരംഭഘട്ടത്തിൽ വാടകക്കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന വിദ്യാലയത്തിന് സ്വന്തമായി സ്ഥലം എന്ന സ്വപ്നയാഥാർത്ഥ്യത്തിലെത്താൻ 2005വരെ കാത്തിരിക്കേണ്ടിവന്നു. 2009ൽ പ്രീ പ്രൈമറി വിഭാഗം ആരംഭിക്കാനായത് വിദ്യാലയത്തിന്റെ എടുത്ത് പറയേണ്ട നേട്ടങ്ങളിൽ ഒന്നു തന്നെയാണ്. നിലവിൽ 12 ക്ലാസ് മുറികളിൽ പ്രവർത്തിക്കുന്ന വിദ്യാലയത്തിന് സ്വന്തമായി ഒരു കളിസ്ഥലം ഇല്ല എന്നത് കുട്ടികൾക്ക് വളരെയധികം പ്രയാസം സൃഷ്ടിക്കുന്നുണ്ട്. സ്കൂളിന്റെ പുരോഗമന പ്രവർത്തനങ്ങൾക്ക് പി.ടി.എ, എം.ടി.എ, എസ്.എം.സി, പൂർവ്വ വിദ്യാർത്ഥികൾ, ജനപ്രതിനിധികൾ, പ്രാദേശിക ക്ലബ്ബുകൾ തുടങ്ങിയവയിലൂടെയെല്ലാം ലഭിക്കുന്ന സഹായസഹകരണങ്ങൾ തദവസരത്തിൽ കൃതജ്ഞതാപൂർവ്വം സ്മരിച്ചുകൊള്ളട്ടെ.

വിദ്യാലയം ഒട്ടേറെ നൂതന കർമ്മപദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നുണ്ട്. പൊതു വിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളാക്കുക, സമഗ്രഗുണമേന്മ വിദ്യാഭ്യാസം ഉറപ്പുവരുത്തുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തിയൊരുക്കുന്ന മാസ്റ്റർ പ്ലാൻ ലക്ഷ്യം കൈവരിക്കുമെന്ന് തന്നെ വിശ്വസിക്കുന്നു. അനേകം തലമുറകൾക്ക് വിജ്ഞാനവെളിച്ചമേകിയ വിദ്യാലയം, അനേകം പ്രതിഭാധനരെ വാർത്തെടുത്ത വിദ്യാലയം അതിന്റെ പുരോഗതിയിലേക്കുള്ള ജൈത്രയാത്ര തുടരുകയാണ്.

# ലക്ഷ്യങ്ങൾ

1 1-ാം തരം മുതൽ 4-ാം തരം വരെ ഓരോ ക്ലാസ് അടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും പാഠ്യപദ്ധതിക്ക് അനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങളും അവ സമയബന്ധിതമായി നടപ്പാക്കാനുതകുന്ന പ്രവർത്തന കലണ്ടറും രൂപപ്പെടുത്തൽ. എല്ലാ കുട്ടികൾ്കും മലയാളം, ഇംഗ്ലീഷ് ഫലപ്രദമായി കൈകാര്യം ചെയ്യാനുള്ള ശേഷി വികസിപ്പിക്കൽ

2 സമഗ്രഗുണമേന്മ വിദ്യാഭ്യാസം ഉറപ്പുവരുത്തൽ

3 പഠനം രസകരവും സർഗാത്മകവുമാക്കുന്നതിന് ഉപകരിക്കുന്ന വിധത്തിലുള്ള വിവിധ പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ

4 പഠന പിന്നോക്കാവസ്ഥയിലുള്ള കുട്ടികളെ ശരാശരി നിലവാരത്തിലെത്തിക്കുകയും പഠന പ്രക്രിയയിൽ രക്ഷിതാവിന്റെ പങ്കാളിത്തം ഉറപ്പുവരുത്തുകയും ചെയ്യൽ

5 പാരിസ്ഥിതികാവബോധത്തോടെ ജീവിക്കാനും വരും തലമുറയ്ക്ക് കൈമാറേണ്ട ഭൂമിയിലെ താൽക്കാലികവാസികൾ മാത്രമാണ് മനുഷ്യർ എന്ന അവബോധത്തോടെ പരിസ്ഥിതിയെ കാത്തുസൂക്ഷിക്കുവാനും സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നതിനും കുട്ടിയെ പ്രാപ്തമാക്കൽ

6 കുട്ടികളിൽ ജനാധിപത്യമൂല്യങ്ങൾ വളർത്തിയെടുക്കൽ

7 ഐ.ടി അധിഷ്ഠിത പഠനത്തിലൂടെ പഠനം ലളിതവും രസകരവുമാക്കൽ

8 ആരോഗ്യ-കായിക വിദ്യാഭ്യാസം കാര്യക്ഷമമാക്കൽ

9 സ്കൂളും സമൂഹവും തമ്മിലുള്ള ബന്ധം ശക്തമാക്കൽ

10 സ്കൂൾ മികവുകൾ സമൂഹവുമായി പങ്കു വെയ്ക്കൽ

11 ലൈബ്രറി, ഗണിതം, സയൻസ് ലാബുകൾ നവീകരിക്കൽ

12 തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് വേദിയൊരുക്കൽ

13 കുട്ടികളുടെ കലാപരമായ കഴിവുകൾ കണ്ടെത്തി പരിപോഷിപ്പിക്കൽ.

## ക്ലാസ് 1

# ആമുഖം

ഒന്നാം ക്ലാസിലെ പാഠപുസ്തകം 2024-2025 വർഷം പരിഷ്കരിക്കുകയും ഒന്നാം വർഷത്തെ വിനിമയാനുഭവങ്ങളുടെ അടിസ്ഥാനത്തിൽ മെച്ചപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പുതിയ പാഠപുസ്തകങ്ങളുടെ ഭാഗമായി നടപ്പിലാക്കിയ സംയുക്തഡയറി, രചനോത്സവം, പാട്ടരങ്ങ്, വായനോത്സവം എന്നിവയ്ക്ക് നല്ല സ്വീകാര്യതയാണ് ലഭിച്ചത്. ഒന്നാം ക്ലാസുകാർ സ്വതന്ത്രവായനക്കാരനായതിന്റെയും പരസഹായമില്ലാതെ തങ്ങളുടെ ആശയങ്ങൾ എഴുതി പ്രകടിപ്പിക്കാൻ കഴിവുനേടിയതിന്റെയും വിളംബരമായിരുന്നു വർഷാവസാനം നടത്തിയ പഠനോത്സവം. ഭാഷാശേഷിയുടെ കാര്യത്തിൽ ഉണ്ടായ മികവ് നിലനിർത്തുന്നതിനും കൂടുതൽ മെച്ചപ്പെട്ട അവസ്ഥയിലേക്ക് എത്തിക്കുന്നതിനും ആസൂത്രിതമായ പ്രവർത്തനം ആവശ്യമാണ്. പൊതുവിദ്യാഭ്യാസത്തിന്റെ ഗുണമേന്മ കൂടുതൽ മെച്ചപ്പെടുത്തുക, സമൂഹത്തിലെ എല്ലാവിഭാഗം കുട്ടികലെയും വിദ്യാലയ പ്രവർത്തനങ്ങളുടെ ഭാഗമാക്കുക എന്ന വിശാലമായ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടാണ് പദ്ധതി രൂപീകരിക്കുന്നത്. എഴുത്ത്, വായന മറ്റ് അക്കാദമികനേട്ടങ്ങൾ എന്നിതിനോടൊപ്പം കുട്ടിയുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാൻ ആവശ്യമായ ഇടപെടലുകളാണ് പുതിയവർഷത്തിൽ ലക്ഷ്യമിടുന്നത്. അതുപോലെ തന്നെ ശാസ്ത്രാവബോധവും കുട്ടിക്ക് കൈവരിക്കുന്നു. കുട്ടികളുടെ പഠനകാര്യത്തിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്താനും പദ്ധതി ലക്ഷ്യമിടുന്നു.

## വാർഷിക ലക്ഷ്യങ്ങൾ (മലയാളം)

1 1-ാം ക്ലാസിലെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനുമുള്ള ശേഷിയുള്ളവരാക്കുക.

2 എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യകൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.

3 സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായമില്ലാതെ ലഘുവാക്യങ്ങളിൽ എഴുതുന്നതിനുള്ള കഴിവ് നേടുക.

4 പലതരത്തിലുള്ള പതിപ്പുകൾ രൂപപ്പെടുത്തിയെടുക്കുന്നു.

5 ലളിതമായ വായനക്കാർഡുകൾ നിർമ്മിക്കുന്നു, വായിക്കുന്നു.

6 കുട്ടിപത്രം തയ്യാറാക്കുന്നു.

7 സ്വന്തമായ ഡയറി എഴുതുന്നു.

8 ഓരോ കുട്ടിയും സർഗാത്മക രചന നടത്താനുള്ള കഴിവ് നേടുക.

9 ചെറു സദസ്സിനു മുമ്പാകെ സങ്കോചമില്ലാതെ തന്റെ അനുഭവങ്ങൾ, കഥകൾ, പാട്ടുകൾ, എന്നിവ വാചികമായി പങ്കിടുന്നതിന് കഴിവ് നേടുക.

CLASS I

# മലയാളം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| വായന ലേഖനം | ☐ ചിത്രവായന<br><br>☐ വിവിധതരം ചിത്രങ്ങൾ കാണിച്ച് വായനയ്ക്ക് കുട്ടികളെ പ്രാപ്തരാക്കുന്നു<br><br>☐ ഒന്നൊരുക്കം(സന്നദ്ധതാപ്രവർത്തനം)<br><br>☐ വായനാമൂല ഒരുക്കൽ<br><br>☐ കഥാവേള<br><br>☐ ടീച്ചറും രക്ഷിതാക്കളും പറഞ്ഞ കഥയിലെ ആശയങ്ങൾ മറ്റുള്ളവരുമായി പങ്കിടുന്നു.<br><br>☐ രക്ഷിതാക്കൾക്ക് കഥ പറയൽ പരിശീലനം | ജൂൺ | |
| വായന ലേഖനം | ☐ പാട്ടരങ്ങ്, റോൾ പ്ലേ<br><br>☐ വായനാകാർഡുകളുടെ നിർമ്മാണം, വായന<br><br>☐ ടീച്ചർ പുസ്തകത്തിലെ കഥ ഭാവാത്മകമായി വായിച്ചുകേൾപ്പിക്കുന്നു<br>* സംയുക്തഡയറി<br>* റീഡേഴ്സ് തിയറ്റർ<br>* താളാത്മക വായന<br><br>☐ ചിത്രവായന നടത്തി പ്രസക്തമായ കാര്യങ്ങൾ വാചികമായി പങ്കിടുന്നു.<br><br>☐ ചിത്രങ്ങൾക്ക് സഹായത്തോടെ ലളിതമായ അടിക്കുറിപ്പ് എഴുതുന്നു. | ജൂൺ<br><br>ജൂലായ്<br><br>ആഗസ്റ്റ്<br><br>സെപ്തംബർ | |

| | | | |
|---|---|---|---|
| വായന ലേഖനം | ☐ കൂട്ടവായന-കുട്ടിക്കൂട്ടങ്ങൾ പരസ്പരം സഹായിച്ച് ചിത്രവായന നടത്തുന്നു | ഒക്ടോബർ | |
| | ☐ ലളിതമായ വായനാക്കാർഡുകൾ സഹായത്തോടെ വായിക്കുന്നു. | നവംബർ | |
| | ☐ റീഡേഴ്സ് തീയറ്റർ സാധ്യത കൂടുതൽ പ്രയോജനപ്പെടുത്തുന്നു | | |
| | ☐ ചിത്രത്തെ അടിസ്ഥാനമാക്കി കുട്ടിക്കഥ പറയുന്നു | ഡിസംബർ | |
| | ☐ കുട്ടികൾ നിർമ്മിച്ച കഥയുടെ /കഥകളുടെ പ്രകാശനം | | |
| | ☐ കുട്ടികൾ നിർമ്മിച്ച കഥകൾ അവർ തന്നെ അവതരിപ്പിച്ച് നവമാധ്യമങ്ങളിൽ പങ്കിടുന്നു | ജനുവരി | |
| | ☐ ടീച്ചർ മുൻകൂട്ടി തയ്യാറാക്കിയ കഥകൾ ചാർട്ടിൽ പ്രദർശിപ്പിച്ച് വായിക്കാൻ അവസരം നൽകുന്നു | ഫെബ്രുവരി | |
| | ☐ കഥോത്സവം | | |
| | ☐ ചിത്രകഥാപുസ്തകങ്ങൾ വായിക്കുന്നു. | | |

# പരിസരപഠനം

## ലക്ഷ്യങ്ങൾ

1 ചെടികൾ നിരീക്ഷിച്ച് പൂക്കളിൽ നിരവധി വ്യത്യസ്തങ്ങൾ ഉണ്ടെന്ന് കണ്ടെത്തുന്നു

2 വിവിധതരം സസ്യങ്ങൾ (മരങ്ങൾ, ചെടികൾ, പൂക്കുന്നവ, പൂക്കാത്തവ) കണ്ടെത്തി പട്ടികപ്പെടുത്തുന്നു

3 സസ്യങ്ങൾക്ക് വേര്, തണ്ട്, ഇല, പൂവ്, കായ തുടങ്ങിയ ഭാഗങ്ങൾ ഉണ്ടെന്ന് നിരീക്ഷിച്ച് കണ്ടെത്തുന്നു.

4 പൂക്കളുടെ സാമ്യവ്യത്യാസങ്ങൾ (നിറം, ഇതളുകളുടെ എണ്ണം, പ്രയോജനം, ചെറുത്, വലുത്) പട്ടികപ്പെടുത്തുന്നു.

5 നിറം, രുചി, ആകൃതി, മണം, വലിപ്പം എന്നിവയിൽ പഴങ്ങൾ വ്യത്യസ്തമാണെന്ന് കണ്ടെത്തുന്നു.

6 പഴങ്ങൾ കഴിക്കുന്നത് ആരോഗ്യത്തിന് നല്ലതാണെന്ന് മനസ്സിലാക്കുന്നു.

7 ആഹാരശീലങ്ങളും, ഭക്ഷണവസ്തുക്കളുടെ പ്രത്യേകതകളും തിരിച്ചറിവും

8 പ്രകൃതിയെ അറിയുന്നതിനും ആസ്വദിക്കുന്നതിനും

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ചെടികൾ നിരീക്ഷിച്ച് പൂക്കളിൽ നിരവധി വ്യത്യസ്തതകൾ ഉണ്ടെന്ന് കണ്ടെത്തൽ | □ പ്രകൃതി നടത്തം<br>□ ചുറ്റുപാടുമുള്ള ചെടികൾ, മരങ്ങൾ, നിരീക്ഷിക്കുന്നു.<br>□ പലതരത്തിലുള്ള പൂക്കൾ പ്രദർശിപ്പിക്കുന്നു.<br>□ സ്കൂളിൽ പൂന്തോട്ടം നിർമ്മിക്കുന്നു. | ജൂൺ<br>ജൂലായ്<br>ആഗസ്റ്റ്<br>സെപ്തംബർ | |
| ചെടികൾക്ക് വേര്, തണ്ട്, ഇല, പൂവ്, കായ എന്നീ ഭാഗങ്ങൾ ഉണ്ടെന്ന് കണ്ടെത്തുന്നു. | □ പൂന്തോട്ടത്തിൽനിന്ന് ചെടികളെ നിരീക്ഷിച്ച് അവയുടെ ഭാഗങ്ങൾ കണ്ടെത്തുന്നു.<br>□ പച്ചക്കറികൾ, പഴങ്ങൾ, കിഴങ്ങുകൾ, പൂക്കൾ എന്നിവ കൊണ്ടുവരുന്നു | ഒക്ടോബർ<br>നവംബർ | |
| ഭക്ഷ്യയോഗ്യമായ ഭാഗങ്ങൾ കണ്ടെത്തുന്നു. | □ ഓരോന്നിന്റെയും ഏത് ഭാഗമാണ് ഭക്ഷ്യയോഗ്യമായത് എന്ന് കണ്ടെത്തുന്നു | ഡിസംബർ | |
| പഴങ്ങൾ പച്ചക്കറികൾ തിരിച്ചറിയുന്നു. | □ കുട്ടികൾ പഴങ്ങൾ, പച്ചക്കറികൾ തരം തിരിച്ച് തിരിച്ചറിയുന്നു<br>□ പച്ചക്കറി വിത്ത് നട്ട് ചെടികളുടെ വളർച്ച നിരീക്ഷിക്കുന്നു. | ജനുവരി<br>ഫെബ്രുവരി | |

ENGLISH

AIM: To speak, read and write English without any mistake.

| Aim | Activity | Time | Response |
|---|---|---|---|
| To develop listening skill | • Story telling | June | |
| Speaking skill | • Riddle | July | |
| | • Picture reading | | |
| Reading skill | • Reading breaking news | | |
| | • Find words from reading materials | August | |
| Writing Skill | Rhyming words | September | |
| | picture discription | October | |
| | Word chain | November | |
| | Make word web | December | |
| | story telling | January | |
| | Riddles | February | |
| | Conversation | March | |

# ഗണിതം

## ലക്ഷ്യങ്ങൾ

1 ഒന്നുമുതൽ അഞ്ചുവരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു, എഴുതുന്നു

2 അഞ്ചുവരെയുള്ള എണ്ണത്തെ പകുതി, തുല്യം, കൂടുതൽ, കുറവ് എന്നിങ്ങനെ വിശദീകരിക്കുന്നു

3 ഒന്നുമുതൽ 20 വരെയുള്ള സംഖ്യകൾ എഴുതുന്നു, വായിക്കുന്നു.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| സംഖ്യാ ബോധം | ☐ സംഖ്യകൾ തിരിച്ചറിയൽ പ്രവർത്തനം<br>☐ സംഖ്യകൾ തിരിച്ചറിഞ്ഞ് പറയുന്നു<br>☐ സംഖ്യാകാർഡ് നിർമ്മിക്കൽ | ജൂൺ | |
| ഗണിതകിറ്റ് | ☐ ഗണിതപഠനത്തിന് സഹായകമായ തരത്തിൽ വസ്തുക്കൾ ഉപയോഗിച്ച് ഗണിതകിറ്റ് തയ്യാറാക്കുന്നു. | ജൂലായ് | |
| വലിയ സംഖ്യ ചെറിയ സംഖ്യ | ☐ ഒന്നുമുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയൽ പ്രവർത്തനങ്ങൾ<br>☐ വലിയസംഖ്യ, ചെറിയ സംഖ്യ തിരിച്ചറിയൽ പ്രവർത്തനം<br>☐ സംഖ്യാഗാനങ്ങൾ ആസ്വദിക്കൽ | | |
| സങ്കലന ക്രമങ്ങൾ | ☐ രണ്ടക്കസംഖ്യകൾ തമ്മിൽ സങ്കലനക്രിയകൾ നടത്തൽ<br>☐ ഒന്നിനോടൊന്നു കൂട്ടിയാൽ മറ്റൊരു സംഖ്യ കിട്ടും<br>☐ ഒറ്റ സംഖ്യകൾ, ഇരട്ടസംഖ്യകൾ തിരിച്ചറിയൽ | ആഗസ്റ്റ്<br>സെപ്തംബർ | |
| സംഖ്യാഗാനങ്ങൾ | ☐ ഒന്നിടവിട്ട സംഖ്യകൾ പ്രത്യേകതകൾ<br>☐ സംഖ്യാഗാനങ്ങൾ പാടുന്നു ശേഖരിക്കുന്നു.<br>☐ സംഖ്യകളെ സുന്ദരിയാക്കൽ പ്രവർത്തനം | ഒക്ടോബർ<br>നവംബർ | |
| വ്യവകലന പ്രവർത്തനങ്ങൾ | ☐ മൈ നമ്പർബുക്ക് തയ്യാറാക്കൽ<br>☐ രണ്ടക്ക സംഖ്യയും, ഒരക്കസംഖ്യയും തമ്മിലുള്ള വ്യവകലനംപ്രവർത്തനങ്ങൾ | | |
| ചിഹ്നങ്ങൾ തിരിച്ചറിയുന്നു | ☐ സങ്കലനം, വ്യവകലനം എന്നീ ചിഹ്നങ്ങൾ തിരിച്ചറിയുന്നു. ക്രിയകൾ ചെയ്യുന്നു.<br>☐ സംഖ്യകളുടെ പകുതി, തുല്യം തിരിച്ചറിയൽ പ്രവർത്തനം | ജനുവരി<br>ഫെബ്രുവരി | |

# ക്ലാസ് 1
# അറബിക്

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| അക്ഷര വായന | ☐ അറബി അക്ഷരങ്ങൾ ഹർകത്തോട് കൂടി വായിക്കാൻ നൽകുന്നു.<br>☐ അക്ഷരങ്ങൾ വേർതിരിച്ച് മനസ്സിലാക്കുന്നതിന് അക്ഷരങ്ങളുടെ കട്ടിങ്ങുകൾ തയ്യാറാക്കുന്നു.<br>☐ അക്ഷരക്കാർഡുകളുടെ നിർമ്മാണം<br>☐ ശേഖരണം (രക്ഷിതാക്കളുടെ പങ്കാളിത്തത്തോടെ) | ജൂൺ - മാർച്ച് | |
| ചിത്രവായന | ☐ സചിത്ര ആൽബം നിർമ്മാണം (രക്ഷിതാക്കളുടെ സഹായത്തോടെ)<br>☐ ഓരോ യൂണിറ്റിലേയും ചിത്രങ്ങളുടെ പേരുകൾ എഴുതിപ്പഠിക്കൽ | ജൂൺ- മാർച്ച് | |
| അറബി എണ്ണൽ സംഖ്യാ പഠനം | ☐ ഒന്ന് മുതൽ പത്ത് വരെയുള്ള സംഖ്യകളുടെ സംഖ്യാചാർട്ട് നിർമ്മാണം<br>☐ മുത്തുകളിലൂടെയും വ്യത്യസ്ത വസ്തുക്കളിലൂടെയും എണ്ണൽ പഠനം | ആഗസ്റ്റ് - ഡിസംബർ | |
| നിറങ്ങളുടെ പേരുകൾ പരിചയപ്പെടൽ | ☐ ചിത്രങ്ങളിൽ നിറം നിറക്കൽ<br>☐ നിറപ്പാട്ട് പഠനം<br>☐ ഒരേ നിറങ്ങളിലുള്ള ചിത്രങ്ങളുടെ ചാർട്ട് നിർമ്മാണം. | ജനുവരി- മാർച്ച് | |

CLASS II

MALAYALAM

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാ നൈപുണി ശേഷികൾ നേടുന്നു | ☐ മാതാപിതാക്കളുടെ സാന്നിദ്ധ്യത്തിൽ അവരുടെ ആവശ്യമുള്ള കൈത്താങ്ങോടെ ചിത്രങ്ങൾ വരച്ചും കുട്ടി ദൈനംദിന ജീവിതാനുഭവങ്ങൾ സ്വയം ആവിഷ്കരിക്കുന്നു. | ജൂൺ- ആഗസ്റ്റ് | മാതാപിതാക്കൾ, കുട്ടികൾ | ക്രയോൺസ്, സ്കെച്ച് പെൻ, ചിത്ര ചാർട്ട് 500 |
| രണ്ടാംക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയഗ്രഹണവായന ഉറപ്പാക്കുക | ☐ ക്ലാസ് ലൈബ്രറി വിതരണം ചെയ്യൽ<br>☐ വായനകാർഡുകൾ നിർമ്മിച്ച് നിത്യേനയുള്ള വായന | സെപ്തംബർ- ഒക്ടോബർ | ക്യാസ് അധ്യാപിക രക്ഷിതാക്ക | ലൈബ്രറി പുസ്തകം മറ്റ് രചനകൾ 1500 |
| ക്ലാസിലെ എല്ലാ കുട്ടികളെയും തെറ്റുകളില്ലാത്ത ക്ലാസ് നിലവാരത്തിലുള്ള വ്യവഹാരരൂപങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവരാക്കുക | ☐ ലഘുരചനയിലേക്ക് നയിക്കുന്ന രചനാക്യാമ്പുകൾ<br>☐ ലഘുപതിപ്പുകൾ തയ്യാരാക്കൽ<br>☐ പ്രദർശനം<br>☐ മികച്ച രചനകൾ പ്രദർശനം | നവംബർ ഡിസംബർ | അധ്യാപകർ പി.ടി.എ എസ്.എം.സി | 1000 |
| വർഷാവസാനം സ്വതന്ത്രമായ ലേഖനത്തിൽ ഏർപ്പെടുകുയം വ്യക്തിഗതമായ രചനകളിൽ ഏർപ്പെടുകും ചെയ്യുന്നു. | ☐ നിരന്തരമായ രചനാപ്രവർത്തനങ്ങൾ ക്ലാസ് തലത്തിലും സ്കൂൾ തലത്തിലും സംഘടിപ്പിക്കൽ കുട്ടികളും സ്വന്തം രചനകൾ ഉൾപ്പെടുത്തി മാസിക പ്രകാശനം | ജനുവരി മാർച്ച് | അധ്യാപിക പി.ടി.എ | 1000 |

CLASS II

ENGLISH

| Aim | Activity | Time Duration | Respon sibility |
|---|---|---|---|
| To develop listening skills | • Listen to narratives and teacher talks and understand them<br>• Games, Action song<br>• Conversation<br>• Skit<br>• Stories | June -March | Class teacher |
| To develop speaking skills | • Make simple sentences<br>• Describe events and objects orally using action words and words denoting physical attributes<br>• Make description about the picture<br>• Picture reading<br>• Self introduction | June-August<br><br>August -March | Class Teacher |
| To develop Reading | • Read and comprehend simple stories, song and conversational pieces<br>• Find words<br>• Find rhyming words | June-March | Class Teacher |
| To develop writing | • Make word web<br>• Picture description<br>• Make conversation<br>• Add more lines<br>• Make sentence<br>• Make poster | June-March | Class Teacher |

CLASS II

# പരിസരപഠനം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| വ്യക്തിശുചിത്വവും പരിസരശുചിത്വവും ഉറപ്പാക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങളിലേർപ്പെടുന്നു | ☐ ക്ലാസ് തലത്തിലും സ്കൂൾ തലത്തിലും ശുചിത്വ ബോധവത്ക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു. | ജൂൺ-ആഗസ്റ്റ് | അധ്യാപകർ |
| ലഘുവ്യായാമങ്ങളിൽ ഏർപ്പെടുന്നു. | ☐ സൂംബ പോലുള്ള വ്യായാമ പരിശീലനം നൽകുന്നു. | സെപ്തംബർ ഡിസംബർ | അധ്യാപകർ |
| പ്രകൃതിയെ അറിയാൻ | ☐ പ്രകൃതി നടത്തം | ജനുവരി | അധ്യാപകർ SRG, SMC |
| നാടറിയാൻ നാട്ടറിവുകൾ | ☐ കർഷകരുമായി അഭിമുഖം<br>☐ കൃഷിയിടത്തിലേക്ക് നമുക്കും കർഷകരാകാം | ഫെബ്രുവരി മാർച്ച് | SRC, SMC നാട്ടുകാർ |

CLASS II

# ഗണിതം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ചുറ്റുമുള്ള വസ്തുക്കൾ നിരീക്ഷിച്ച് വിവിധ രൂപങ്ങൾ തിരിച്ചറിയുന്നു രൂപങ്ങൾ വരയ്ക്കുകയും നിർമ്മിക്കുകയും ചെയ്യുന്നു. | ☐ ജ്യാമിതീയ രൂപങ്ങളെ അവയുടെ ആകൃതിക്കനുസരിച്ച് തരംതിരിക്കൽ, ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം | ജൂൺ-ജൂലായ് | ക്ലാസ്ടീച്ചർ |
| നിത്യജീവിതവുമായി ബന്ധപ്പെട്ട് 200 വരെയുള്ള സംഖ്യകൾ ഉൾപ്പെട്ട ആശയങ്ങൾ വിശകലനം ചെയ്യുന്നു പ്രശ്നങ്ങൾ പരിഹരിക്കുന്നു. | ☐ ഗണിതക്കിറ്റിലെ സാധനങ്ങൾ നിരത്തി പ്രായോഗികപ്രശ്നം പരിഹരിക്കൽ | ജൂലായ് ഡിസംബർ | ക്ലാസ് ടീച്ചർ |
| 50 വരെയുള്ള സംഖ്യകൾ രൂപീകരിക്കുകയും വായിക്കുകയും എഴുതുകുയം ചെയ്യുന്നു. | ☐ ഓരോന്നും എത്രയുണ്ട്? സംഖ്യാകളി, കമ്പ്യൂട്ടർ ഗെയിം | ആഗസ്റ്റ് സെപ്തംബർ | ക്ലാസ് ടീച്ചർ |
| രണ്ടക്കസംഖ്യകളെ വ്യത്യസ്ത രീതിയിൽ സന്ദർഭത്തിനനുസരിച്ച് വ്യാഖ്യാനിക്കുന്നു. | ☐ ജോഡിയാക്കൂ, കൂട്ടങ്ങളാക്കാം, കൂട്ടങ്ങളെ കണ്ടെത്തി എഴുതാം | | |
| 100 രൂപയെ വ്യത്യസ്ത നോട്ടുകളുടെ തുകയായി വ്യാഖ്യാനിക്കുന്നു. | ☐ സാധനങ്ങൾ വാങ്ങാം, കച്ചവടക്കളി, ചില്ലറയാക്കാം | സെപ്തംബർ ഒക്ടോബർ | ക്ലാസ്ടീച്ചർ |

| | | | |
|---|---|---|---|
| സങ്കലന ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്ന ങ്ങൾ നിർധാരണം ചെയ്യൽ | ☐ പാർക്കിൽ<br>☐ സ്കൂൾ സ്റ്റോർ<br>☐ സോപ്പുനിർമ്മാണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ | ഒക്ടോബർ നവംബർ | ക്ലാസ്ടീച്ചർ |
| 100 വരെയുള്ള സംഖ്യകൾ തുക യായി വരുന്ന രണ്ട് രണ്ടക്കസംഖ്യക ളുടെ സങ്കലനം മനക്കണക്കായി ചെയ്യുക. | ☐ സംഖ്യാജോഡികൾ കണ്ടെ ത്തുക<br>☐ നൂറിൽ താഴെയുള്ള സംഖ്യ കൾ നൽകി അവ ഏതൊക്കെ സംഖ്യകളുടെ തുകയായി എഴുതാം എന്നു കണ്ടെത്തു ന്നു. | നവംബർ ഡിസംബർ | ക്ലാസ് ടീച്ചർ |

CLASS II

# അറബിക്

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| അറബി പദസമ്പത്ത് വർദ്ധിപ്പിക്കൽ | ☐ മുന്നറിവ് പരിശോധന<br>☐ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തുന്നു.<br>☐ ചിത്രക്കാർഡുകളുടെ ഉപയോഗം ക്ലാസ്റൂമിൽ .<br>☐ ഓരോ അക്ഷരങ്ങൾകൊണ്ടും കൂടുതൽ വാക്കുകൾ കണ്ടെത്തി എഴുതുന്നു. | ജൂൺ- ആഗസ്റ്റ് | അറബിക് ടീച്ചർ |
| നല്ല എഴുത്ത്<br>നല്ല വായന<br><br>ലക്ഷ്യം:- കയ്യെഴുത്ത് നന്നാക്കൽ | ☐ അറബി ഭാഷയുടെ യഥാർത്ഥ എഴുത്ത് രീതിയെ കുട്ടികൾക്ക് പരിചയപ്പെടുത്തുന്നു.<br>☐ ഓരോ കുട്ടികൾക്കും പ്രത്യേക വർക്ക് ഷീറ്റുകളും കോപ്പികളും നൽകി പരിശീലനം നൽകുന്നു.<br>☐ ഓരോ ദിവസവും കുട്ടികൾക്ക് ഒരു അറബി വാചകം വായിക്കാൻ ക്ലാസ്തലത്തിൽ അവസരം നൽകുന്നു. | ജൂൺ മാർച്ച് | അറബിക് ടീച്ചർ |
| പക്ഷികൾ, മൃഗങ്ങൾ എന്നിവയെക്കുറിച്ച് ലഘു കവിതകൾ തയ്യാറാക്കുന്നു. | ☐ പക്ഷികൾ, മൃഗങ്ങൾ ഇവയുടെ പേരുകൾ കണ്ടെത്തി പഠിക്കുന്നു.<br>☐ പക്ഷികൾ മൃഗങ്ങൾ ഇവയുടെ ലഘു കവിതകൾ കേൾക്കാനും വായിക്കാനും അവസരം നൽകുന്നു.<br>☐ പക്ഷികളുടെ ചിത്രആൽബം തയ്യാറാക്കൽ | ആഗസ്റ്റ് ഡിസംബർ | അറബിക് ടീച്ചർ |
| ഭാഷയെ അനുഭവിക്കൽ | ☐ അറബി ഭാഷയോട് കൂടുതൽ താൽപര്യം ജനിപ്പിക്കുന്നതിന് വേണ്ടി കുട്ടികൾക്കിടയിൽ വ്യത്യസ്ത മത്സരങ്ങൾ സംഘടിപ്പിക്കുന്നു.<br>☐ അറബി ക്വിസ്<br>☐ പദ നിർമ്മാണം<br>☐ മെമ്മറി ടെസ്റ്റ് | 2 മാസം | അറബിക് ടീച്ചർ |

# CLASS III

## MALAYALAM

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ആശയ വ്യക്തത യോടെയും അക്ഷര തെറ്റില്ലാതെയും ക്ലാസിലെ എല്ലാ കുട്ടികളെയും വായിക്കാൻ പ്രാപ്തരാക്കുക. | ☐ പ്രീ ടെസ്റ്റ്<br>☐ ചിത്രവായന<br>☐ ക്ലാസ് ലൈബ്രറി വികസനം<br>☐ വായനാമത്സരം<br>☐ വായനാകാർഡുകളുടെ തയ്യാറാക്കൽ | ജൂൺ-ജൂലായ് | |
| വിവിധ വ്യവഹാര രൂപങ്ങൾ ആസ്വദിക്കാനും എഴുതുവാനും ഉള്ള ശേഷി വികസിപ്പിക്കുക. | ☐ കഥ പൂർത്തിയാക്കൽ<br>☐ ഡയറി<br>☐ വിവരണം<br>☐ ഫീൽഡ് ട്രിപ്പ്<br>☐ കുറിപ്പ്<br>☐ പോസ്റ്റർ നിർമ്മാണം | ജൂൺ - മാർച്ച് | |
| സാഹിത്യ രചനകൾ വായിച്ചു കേട്ടും സ്വയം വായിച്ചും ആശയം ഗ്രഹിച്ച് ആസ്വദിക്കുക. | ☐ ഭാവാത്മക വായന<br>☐ റീഡേഴ്സ് തിയേറ്റർ<br>☐ പാവ നാടകം<br>☐ നിഘണ്ടു പരിചയം | ജൂൺ - മാർച്ച് | |
| സർഗാത്മക പ്രകടനം | ☐ കുട്ടികൾ തയ്യാറാക്കിയ വിവിധ വ്യവഹാര രൂപങ്ങൾ അവതരിപ്പിക്കൽ-സി.പി.ടി.എ | ജൂൺ-മാർച്ച് | |

CLASS III

# ഗണിതം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ചതുരം, വൃത്തം, ത്രികോണം എന്നീ രൂപങ്ങളെക്കുറിച്ചുള്ള ധാരണ നൽകുന്നു. | ☐ പ്രി ടെസ്റ്റ്<br>☐ ഈർക്കിലുകൾ, കമ്പുകൾ, വള എന്നിവ ഉപയോഗിച്ച് ചതുരം, ത്രികോണം, എന്നിവ നിർമ്മിക്കുന്നു | ജൂൺ-ജൂലായ് | |
| 999 വരെയുള്ള സംഖ്യകളെ വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കുന്നു. | ☐ സംഖ്യാപാറ്റേണുകൾ<br>☐ നാണയങ്ങൾ, കളിനോട്ടുകൾ<br>☐ അബാക്കസ് | ആഗസ്റ്റ് | |
| എല്ലാ കുട്ടികളിലും സംഖ്യബോധം ഉണ്ടാക്കുക | ☐ വസ്തുക്കൾ ഉപയോഗിച്ച് സംഖ്യകൾ ഉറപ്പിക്കൽ | സെപ്തംബർ | |
| സങ്കലന -വ്യവകലന ക്രിയകൾക്ക് കുട്ടികളെ പ്രാപ്തരാക്കുക. | ☐ മനഃക്കണക്കുകൾ<br>☐ നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ | ഒക്ടോബർ-നവംബർ | |
| ഗുണന വസ്തുക്കൾ നേടൽ | ☐ മനഃക്കണക്കുകൾ<br>☐ മഞ്ചാടിക്കളി | ഡിസംബർ-ജനുവരി | |
| ഹരണക്രിയയുമായി ബന്ധപ്പെട്ട ശേഷികൾ നേടൽ | ☐ നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ | ഫെബ്രുവരി-മാർച്ച് | |

CLASS III

# അറബിക്

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| വായന എളുപ്പവും രസകരവും ആക്കുക | ☐ ചെറിയ കഥാപുസ്തകങ്ങളുടെ ശേഖരണം<br>☐ ചിത്രകഥ (അറബിക്)<br>☐ കുട്ടിക്കവിതകൾ (അറബിക്)<br>☐ അറബി ചിത്രക്കാർഡ് (അറബിക്)<br>☐ വായനാ മത്സരം (ക്ലാസ് തലം, സ്കൂൾ തലം) | ജൂൺ-മാർച്ച് | അറബിക് ടീച്ചർ |
| സത്യസന്ധത, വിശ്വാസ്യത തുടങ്ങിയ ഗുണങ്ങൾ കുട്ടികളിലേക്ക് എത്തിക്കൽ | ☐ സത്യസന്ധത, വിശ്വാസ്യത തുടങ്ങിയ മൂല്യങ്ങൾ ഉൾക്കൊള്ളുന്ന കഥകൾ കുട്ടികളിലേക്ക് എത്തിക്കുന്നു.<br>☐ കഥാപുസ്തകങ്ങളുടെ ശേഖരണം. | ജൂലൈ | അറബിക് ടീച്ചർ |
| പഴങ്ങൾ, പച്ചക്കറികൾ എന്നിവയുടെ പേരുകൾ, നിറങ്ങൾ എന്നിവയെപ്പറ്റിയുള്ള അറിവ് | ☐ പഴം പച്ചക്കറി എന്നിവയുടെ ചാർട്ട്<br>☐ നിറച്ചാർട്ട്<br>☐ പഴങ്ങൾ, പച്ചക്കറികൾ എന്നിവ ഉപയോഗിച്ച് ചെറിയ വാചകങ്ങൾ നിർമ്മിക്കുന്നു. | | |
| നൂതന സോഷ്യൽ മീഡിയ ഉപയോഗങ്ങളെ അറിയൽ | ☐ മൊബൈൽ, വാട്സാപ്പ്, ഫേസ്ബുക്ക്, യൂട്യൂബ് എന്നിവയെ അറിയൽ (ഐ.ടി.സി)<br>☐ ഒഴിവുസമയഹ്ങളെ നല്ല രീതിയിൽ ഉപയോഗിക്കണമെന്ന തിരിച്ചറിവ് നൽകുന്നു. | ജനുവരി | |
| അറബിഭാഷാ എഴുത്തിലേക്ക് എത്തിക്കൽ | ☐ കുട്ടിക്കവിതകളും, കഥകളും, രചിക്കാനുള്ള അവസരം ക്ലാസ് തലത്തിലും സ്കൂൾ തലത്തിലും<br>☐ എഴുത്ത് മത്സരം<br>☐ ഭാഷയുടെ തനതായ എഴുത്ത് രീതിയെ പരിചയപ്പെടുത്തുന്നു. | ജൂൺ മാർച്ച് | അറബിക് ടീച്ചർ |

CLASS IV

# പരിസരപഠനം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പരിസ്ഥിതിസൗഹാർദമനോഭാവം വളർത്തിയെടുക്കൽ | ☐ പ്രീടെസ്റ്റ്<br>☐ പ്രകൃതിനടത്തം<br>☐ പൂന്തോട്ടമൊരുക്കാം<br>☐ ഒരു തൈ നടാം<br>☐ സ്കൂൾ പച്ചക്കറിതോട്ടം<br>☐ മാലിന്യസംസ്കരണം<br>☐ പോസ്റ്റർ നിർമ്മാണം<br>☐ ശാസ്ത്ര-സാമൂഹ്യശാസ്ത്ര ക്ലബ്ബ് രൂപീകരണം | ജൂൺ-മാർച്ച് | ക്ലാസ് ടീച്ചർ | 15000 |
| വ്യക്തിശുചിത്വം പരിസരശുചിത്വം | ☐ ദിനകൃത്യങ്ങൾ<br>☐ ഒക്ടോബർ -2, ശുചിത്വവാരം<br>☐ നല്ല ശീലം - പോസ്റ്ററുകൾ<br>☐ ബോധവൽക്കരണക്ലാസ്<br>☐ ക്ലാസ് - ശുചിത്വമത്സരം<br>☐ നല്ല ആരോഗ്യത്തിന് | ജൂൺ മാർച്ച് | ക്ലാസ് അധ്യാപിക | 10000 |
| ശാസ്ത്രപഠനം രസകരമാക്കൽ | ☐ വ്യത്യസ്ത ആവാസവ്യവസ്ഥ പരിചയപ്പെടൽ<br>☐ ഐ.സി.ടി<br>☐ ഫീൽഡ് ട്രിപ്പ്<br>☐ നിരീക്ഷിച്ച് കുറിപ്പ് തയ്യാറാക്കൽ<br>☐ പട്ടിക തയ്യാറാക്കൽ<br>☐ ജീവജാലങ്ങളുടെ പ്രത്യേകത കണ്ടെത്തൽ<br>☐ സസ്യങ്ങളുടെ വേര്, ഇല, തടി, ബീജപത്രം, ഇവ നിരീക്ഷിച്ച് ബന്ധം കണ്ടെത്തൽ<br>☐ ശാസ്ത്രദിനാചരണങ്ങൾ<br>☐ നിത്യജീവിതത്തിൽ കാണുന്ന ജീവികളുടെ ആവാസവ്യവസ്ഥ, ജീവിതരീതി, കുറിപ്പ്. | ജൂലൈ മാർച്ച് | ക്ലാസ് ടീച്ചർ | 15000 |
| ശാസ്ത്രവിഷയങ്ങളിൽ അഭിരുചിയും താൽപര്യവും വളർത്തുക | ☐ പരീക്ഷണശാല- ലഘുപരീക്ഷണങ്ങൾ നടത്തുന്നതിന്<br>☐ പക്ഷിനിരീക്ഷണം -കുറിപ്പ് തയ്യാറാക്കൽ<br>☐ ചിത്രശേഖരണം<br>☐ അനുഭവക്കുറിപ്പുകൾ പരിചയപ്പെടൽ, തയ്യാറാക്കൽ<br>☐ ശാസ്ത്രജ്ഞനോടൊപ്പം<br>☐ വളരുന്ന നിരീക്ഷണപുസ്തകം | ആഗസ്റ്റ് മാർച്ച് | ക്ലാസ് ടീച്ചർ എച്ച്.എം | 15000 |

| | | | | |
|---|---|---|---|---|
| ചരിത്രബോധം വളർത്തുക | ☐ ചരിത്രസംഭവങ്ങൾ കണ്ടും കേട്ടും വായിച്ചും മനസ്സിലാക്കുക.<br>☐ ഐ.സി.ടി<br>☐ മഹാന്മാരുടെ ചിത്രങ്ങൾ ശേഖരിക്കുക, കുറിപ്പ് തയ്യാറാക്കുക<br>☐ ദേശഭക്തിഗാനങ്ങൾ ശേഖരിക്കുന്നു, പാടി ആസ്വദിക്കുന്നു.<br>☐ രാജ്യത്തിന്റെയും സ്വന്തം നാടിന്റെയും ചരിത്രം അന്വേഷിച്ചറിയുക<br>☐ മഹാന്മാരെക്കുറിച്ച് പതിപ്പ് നിർമ്മാണം | ആഗസ്റ്റ് മാർച്ച് | ക്ലാസ് ടീച്ചർ | 5000 |
| സൂക്ഷ്മപേശീവികാസം | ☐ ഒറിഗാമി പേപ്പർകൊണ്ട് ജീവികളുടെ രൂപങ്ങൾ നിർമ്മിക്കൽ | ജൂൺ മാർച്ച് | ക്ലാസ് ടീച്ചർ | 5000 |
| ഭൂപടങ്ങൾ ഉപയോഗിച്ച് അതിർത്തികളും പ്രധാന സ്ഥലങ്ങളും മനസ്സിലാക്കുന്നു. | ☐ ക്ലാസ് ഭൂപടനിർമ്മാണം<br>☐ സ്കൂൾ ഭൂപട നിർമ്മാണം<br>☐ സംസ്ഥാന ഭൂപട പഠനം<br>☐ രാജ്യഭൂപടപഠനം<br>☐ സ്ഥലങ്ങൾ അടയാളപ്പെടുത്തൽ | ഡിസംബർ- ഫെബ്രുവരി | ക്ലാസ് ടീച്ചർ | 5000 |
| പ്രഥമശുശ്രൂഷയെ പറ്റി ബോധവാനാക്കുക | ☐ എന്താണ് പ്രഥമശുശ്രൂഷ<br>☐ ഫസ്റ്റ് എയ്ഡ് ബോക്സ് തയ്യാറാക്കൽ<br>☐ എങ്ങനെ, എപ്പോൾ പ്രതികരിക്കണം. | ജനുവരി മാർച്ച് | ക്ലാസ് ടീച്ചർ | 2000 |
| വാർത്താവിനിമയഉപാധികൾ, ഉപയോഗങ്ങൾ മനസ്സിലാക്കുക. | ☐ പണ്ടും ഇന്നും<br>☐ എന്തെല്ലാം മാറ്റങ്ങൾ<br>☐ കാലത്തിനൊപ്പം<br>☐ ഒന്നായും, കൂട്ടമായും | ജനുവരി മാർച്ച് | ക്ലാസ് ടീച്ചർ | 5000 |
| സമഗ്രമായ ആശയം ലഭ്യമാക്കുന്നതിന് | ☐ ആശയഭൂപടം | ജൂൺ മാർച്ച് | ക്ലാസ് ടീച്ചർ | 5000 |

CLASS IV

ENGLISH

| Aim | Activity | Time Duration | Respon sibility | Finance |
|---|---|---|---|---|
| Achieve the skill to read and write | • Pretest<br>• Worksheets<br>• Picture reading<br>• Word writing<br>• Translating<br>• Sentence writing | June-October | English Teacher | 5000 |
| Understand to interact with others | • Let's talk<br>• I like... | June-Dece | English teacher | 2000 |
| Describing the pic tures | • Picture description | June-March | English teacehr | 3000 |
| Add more exchanges to the conversation suitable to the context | • Conversation | July-March | English teacher | 2000 |
| Identifies rhyming words from the poem Read and enjoy poem | • Rhyming words<br>• We can enjoy | July-Feb | English teacher | 3000 |
| Identify new words and under-standing its meaning and make more words from it identify action words | • Word games<br>• Let's Find the new<br>• Action words | June-March | English teacher | 3000 |
| Adds line to a poem following a set pattern | • Add more lines | July-March | English teacher | 5000 |
| Read and understand given stories | • Let's read | July - Feb | English teacher | 5000 |
| Answer to simple questions | • Let's explore | July-March | English teacher | 1000 |
| Develop discourses like conver-sation, diary, notice etc. | • Let's do it | July-March | English Teacher | 5000 |
| Arrange the events in order<br><br>Make simple riddles | • We can arrange<br><br>• Riddles | July -Feb | English teacher | 3000 |
| Undertake simple project work given | • Project works | Oct-March | English teacher | 5000 |
| English world<br><br>Reading skill development | • English day<br>• English assembly<br>• Skt, Role play<br>• Self introduction<br>• English club forma-tion<br><br>• Readers Theatre. | June March | English teacher | 10000 |

CLASS IV

MALAYALAM

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ☐ പ്രീടെസ്റ്റ്<br>☐ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തൽ<br>☐ അക്ഷരം ഉറപ്പിക്കൽ<br>☐ ചിഹ്നം ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഒരുക്കൽ<br>☐ വായനക്കാർഡുകൾ നൽകൽ<br>☐ പദനിർമ്മാണം, വാക്യനിർമ്മാണം,<br>☐ ചിത്രം നോക്കി ആശയം വിശദമാക്കൽ | ജൂൺ-ആഗസ്റ്റ് | ക്ലാസ് ടീച്ചർ |
| മുഴുവൻ കുട്ടികളും റീഡേഴ്സ് തിയറ്റർ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു. | ☐ തെരഞ്ഞെടുത്ത ബാലസാഹിത്യകൃതികൾ പൂഠപുസ്തകത്തിലെ രചനകൾ എന്നിവ ഉപയോഗപ്പെടുത്തി റീഡേഴ്സ് തിയേറ്റർ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു | സെപ്തംബർ ഒക്ടോബർ | ക്ലാസ് ടീച്ചർ |
| കവിതകളും പാട്ടുകളും അവയുടെ ഭാവത്തിന് ഇണങ്ങുംവിധം ഈണത്തിലും താളത്തിലും ചൊല്ലൽ | ☐ പാഠപുസ്തകത്തിലെ അഭിനയസാധ്യതാകവിതകൾ, ചോദ്യോത്തരപ്പാട്ടുകൾ, താരാട്ടുപാട്ടുകൾ എന്നിവയ്ക്ക് ഈണം, താളം എന്നിവ നൽകുന്നു<br>☐ കവിതയുടെ താളത്തോട് പൊരുത്തപ്പെടുന്ന വിധത്തിൽ വരികൾ കൂട്ടിച്ചേർത്ത് എഴുതി പാടുന്നു. | ജൂലൈ-ഫെബ്രുവരി | ക്ലാസ്ടീച്ചർ |
| സർഗാത്മകഡയറി | ☐ കുട്ടികൾ വീട്ടുപരിസരത്തോ ക്ലാസ്മുറിയിലോ സ്കൂൾ പരിസരത്തോ യാത്രാവേളകളിലോ കണ്ട ഒരു കാഴ്ച തിരഞ്ഞെടുക്കുന്നു.<br>☐ കണ്ട കാഴ്ചയെ വ്യത്യസ്ത വ്യവഹാര രൂപങ്ങളിൽ (കവിത, പാട്ട്, സംഭാഷണം, പത്രവാർത്ത്,കഥ, അടിക്കുറിപ്പ്...) ഭാവനാത്മകമായി ചിത്രീകരിക്കൽ (ആഴ്ചയിൽ 2 ദിവസം) | ജൂലൈ-ഫെബ്രുവരി | ക്ലാസ് ടീച്ചർ രക്ഷിതാക്കൾ |

| | | | |
|---|---|---|---|
| വായിച്ച കഥകളെയും കവിതകളെയും ആസ്പദമാക്കിരചനാപരിചയക്കുറിപ്പുകൾ തയ്യാറാക്കുന്നു. | ☐ ടീച്ചർ പരിചയപ്പെടുത്തുന്ന കഥകൾ കുട്ടികൾ വായിക്കുന്നു<br>☐ കുട്ടികൾ തങ്ങൾക്ക് പരിചിതമായ കഥകൾ ഓർത്തെടുക്കുന്നു.<br>☐ മറ്റുള്ളവരെ വായിക്കാൻ പ്രേരിപ്പിക്കുന്ന വിധത്തിൽ ശ്രദ്ധ പിടിച്ചുപറ്റുന്ന രസകരമായ തുടക്കത്തോടെ രചനാപരിചയക്കുറിപ്പുകൾ സംഘമായും, പിന്നീട് ഒറ്റയ്ക്കും തയ്യാറാക്കുന്നു.<br>☐ പാഠപുസ്തകത്തിലെയും തുടർ വായനയ്ക്ക് നിർദ്ദേശിക്കപ്പെട്ട പുസ്തകങ്ങളുടെയും രചനാപരിചയക്കുറിപ്പ് മികച്ച രീതിയിൽ തയ്യാറാക്കുന്നു. | ജൂലൈ-ഫെബ്രുവരി | ക്ലാസ് ടീച്ചർ രക്ഷിതാക്കൾ |
| കുട്ടികളെ മികച്ച വായനാശീലമുള്ളവരാക്കൽ, എഴുത്തുകാരാക്കൽ | ☐ ക്ലാസ് ലൈബ്രറി സജ്ജീകരണം<br>☐ സ്കൂൾ ലൈബ്രറി<br>☐ പത്രവായന, എഴുതൽ<br>☐ കഥയരങ്ങ്, വായനോത്സവം<br>☐ പിറന്നാൾ പുസ്തക ശേഖരണം<br>☐ വായനമരം-വായിച്ച പുസ്തകത്തെ ആസ്പദമാക്കി കുറിപ്പ് തയ്യാറാക്കൽ, രചനാമത്സരങ്ങൾ സംഘടിപ്പിക്കൽ, പരസ്പര വിലയിരുത്തൽ നടത്തൽ | ജൂലൈ-ഫെബ്രുവരി | ക്ലാസ് ടീച്ചർ എച്ച്.എം. |

CLASS IV

# ഗണിതം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഗണിതപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ☐ പ്രി ടെസ്റ്റ്<br>☐ മൂന്നക്ക സംഖ്യകൾ ഉപയ യോഗിച്ച് സംഖ്യാബോധം ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു.<br>☐ അബാക്കസ്, സ്ഥാനവില പോക്കറ്റ് ഉപയോഗിച്ച് പ്രശ്ന പരിഹരണം നടത്തുന്നു | ജൂൺ-ജൂലൈ | ക്ലാസ് ടീച്ചർ |
| വളരുന്ന ഗണിത പ്പെട്ടി | ☐ അബാക്കസ്, കളിനോട്ടുകൾ, സ്ഥാനവില പോക്കറ്റ്, ക്ലോക്ക്, സംഖ്യാകാർഡുകൾ, ജ്യാമിതീയ രൂപങ്ങൾ, ഗണിത ചിത്രങ്ങൾ, സ്കെയിൽ, ടാൻഗ്രാം തുടങ്ങിയവ ഉൾപ്പെടുത്തി പാഠാനുബന്ധമായി കുട്ടികൾ ഗണിതപ്പെട്ടി തയ്യാറാക്കുന്നു.<br>☐ ക്ലാസിൽ പൊതുവായി ഒരു ഗണിതപ്പെട്ടി തയ്യാറാക്കുന്നു. | ജൂൺ-ഫെബ്രുവരി | ക്ലാസ് ടീച്ചർ<br>രക്ഷിതാക്കൾ |
| മൂന്നക്ക,നാലക്ക സംഖ്യകളെ വ്യാഖ്യാനിക്കുന്നതിനുള്ള ശേഷി ഉറപ്പിക്കൽ<br>ഗണിതക്രിയകൾ എളുപ്പമാക്കൽ | ☐ ഗണിതമാല രൂപീകരിക്കൽ<br>☐ കളിനോട്ട് ഉപയോഗിച്ച് കൂട്ടങ്ങളാക്കൽ<br>☐ സങ്കലനം, വ്യവകലനം, ഗുണനം, ഹരണം എന്നിവയുടെ പാറ്റേൺ രൂപീകരിക്കൽ<br>☐ ചതുഷ്ക്രീയകൾ എളുപ്പമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകൽ | ജൂൺ-ഫെബ്രുവരി | ക്ലാസ് ടീച്ചർ |
| ഗണിതകേളികൾ നൽകുക, ഗണിതാസ്വാദനം വളർത്തുക | ☐ പഠനപ്രവർത്തനങ്ങളിൽ ഗണിതകേളികൾ ഒരുക്കുന്നു.<br>☐ ഗണിതപഠനം നിത്യജീവിതവുമായി ബന്ധിപ്പിച്ച്കൊണ്ടുള്ള പഠനപ്രവർത്തനങ്ങൾ ഒരുക്കുന്നു.<br>☐ ഗണഇത പസിലുകൾ, കുസൃതിക്കണക്കുകൾ, ജിഗ്സോ പസിലുകൾ, ഗണിതകേളികൾ എന്നിവയിലൂടെ പാഠാനുബന്ധ പ്രവർത്തനങ്ങൾ നൽകുന്നു. | ജൂലൈ-ഫെബ്രുവരി | ക്ലാസ് ടീച്ചർ |

CLASS IV

# അറബിക്

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ലഘുവിവരണങ്ങൾ തയ്യാറാക്കൽ | ☐ കുട്ടികളിൽ പ്രീ ടെസ്റ്റ് നടത്തി നിലവാര പരിശോധന<br>☐ കൂടുതൽ അറബി വായന ക്കുള്ള അവസരം നൽകുന്നു<br>☐ കുട്ടികളെ ഗ്രൂപ്പുകളാക്കി ഓരോ ഗ്രൂപ്പിനും വ്യത്യസ്ത ചിത്രങ്ങൾ നൽകി അതിലെ വാക്കുകൾ കണ്ടെത്തി ലഘു വിവരങ്ങൾ തയ്യാറാക്കുന്നു.<br>☐ കൂടുതൽ പദസമ്പത്ത് കുട്ടിക ളിലേക്ക് എത്തിക്കുന്നു. | ജൂൺ-മാർച്ച് | |
| വ്യത്യസ്ത സംഭാ ഷണമാതൃകകൾ പരിചയപ്പെടൽ | ☐ ഉപചാര വാക്കുകൾ ഉപയോ ഗിച്ച് വ്യത്യസ്ത സന്ദർഭങ്ങ ളിലെ സംഭാഷണങ്ങൾ തയ്യാ റാക്കുന്നു<br>☐ ഉപചാരവാക്കുകൾ ചാർട്ടുക ളിൽ ക്രമീകരിക്കുന്നു.<br>☐ ക്ലാസിൽ സംഭാഷണത്തി നുള്ള അവസരം നൽകുന്നു. | | |
| ആസ്വാദന ലോകം<br><br>മികച്ച വായന | ☐ പാടാനും പറയാനും കഴി യുന്ന കുട്ടികളെ കണ്ടെത്തി അവർക്ക് അവസരം നൽകു ന്നു.<br>☐ ഒരിക്കൽ അവതരിപ്പിച്ച കുട്ടി അടുത്ത സഭയിൽ ആസ്വാദക രാവണം.<br>☐ കുട്ടികളിൽ വായനാകഴിവ് വർദ്ധിപ്പിക്കുന്നു.<br>☐ അറബിക്കഥ<br>☐ ചിത്രകഥ, അറബികവിത | | |
| അറബി പദസ മ്പത്ത് വർദ്ധിപ്പി ക്കൽ | ☐ ഓരോ ദിവസവും ക്ലാസിൽ പുതിയ ഒരു പദം പരിചയപ്പെ ടുത്തുന്നു.<br>☐ അറബി മത്സരാനുഭവം<br>☐ അറബി ക്വിസ്<br>☐ പദപ്പയറ്റ് മത്സരം<br>☐ വായനാ മത്സരം. | | |